PROSPECTUS

Industrial Training Institute

An Institution of ARCHDIOCESE OF TRICHUR

Skill India
कौशल भारत - कुशल भारत

**AN INSTITUTION Managed by THE ARCHDIOCESE OF THRISSUR**
**Permanently Affiliated to N.C.V.T, Govt. of India, New Delhi**

**ISO : 29990-2010**
**Estd. 1979**

സേവനത്തിന്റെ 42 വർഷങ്ങൾ




*"WORK IS WORSHIP"*

# THOZHIL ABHYASANA PEEDAM PVT. I.T.I.

**Madona Nagar, Thrissur - 680 005**
**Phone : 0487 2426740**
**E-mail : tapitc@yahoo.co.in   Web : www.tapitimadona.com**



## സേവനത്തിന്റെ 42 വർഷങ്ങൾ

### തൊഴിൽ അഭ്യസന പീഠം

### ഒരു ലഘുചരിത്രം



തൃശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ 1979-ൽ കാച്ചേരിയിലെ മഡോണ നഗറിൽ തൊഴിൽ അഭ്യസന പീഠം (T.A. P) ഐ.ടി. ഐ. ആരംഭിച്ചു. യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യത തുറക്കുക, സാങ്കേതിക പരിശീലനം വഴി അവരിലുള്ള കഴിവുകൾ വികസിപ്പിച്ച് വിദഗ്ദ്ധരാക്കുക, യുവാക്കളുടെയും അവരുടെ ആശ്രിതരുടെയും ഭാവിജീവിതം സുരക്ഷിതമാക്കുക എന്നീ മഹനീയ ലക്ഷ്യങ്ങളോടെ പാവങ്ങളുടെ പിതാവായ അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ നേതൃത്വത്തിലാണ് 42 വർഷങ്ങൾക്കുമുമ്പ് T.A.P IT.I. സ്ഥാപിതമായത്

## Introduction

Thozhil Abhyasana Peedam Pvt. ITI, Madona Nagar, Nellikkunnu, Thrissur - 680 005 Kerala State is an Industrial Training Institute recognised by Director of Employment and Training Kerala and permanent affiliation was granted by the Director General of employment and Training, Ministry of Labour, New Delhi. It prepares Trainees for the National Trade Certificate (N.T.C.) Examination conducted by the National Council of Vocational Training (N.C.V.T.) Govt. of India, New Delhi.

## Aim

It prepares the Trainees for nurturing Multi-skills and establishing self-employment schemes in different industrial areas.

## Curriculum

The syllabus prescribed by the N.C.V.T. for the National Trade Certificate Examination in the respective courses will generally be followed which includes Practical, Theory, Workshop Calculation & Science, Engineering Drawing, and Employability Skills.

## Admission

Age for Admission is 15 years and should not exceed 25 years. The applicant must have passed S.S.L.C. Examination. Each candidate has to submit the prescribed printed application form duly filled.

## Working Hours

(a) First Shift - 8.00a.m. to 3.30 p.m.
Second Shift - 9.30 a.m. to 5.00 p.m.

Lunch Break - Half an hour

(b) Holidays : Sundays and Public Holidays as per the Kerala Government Calendar will be holidays for the institution. I.T.I is an Industrial Training Institution which has no vacation holidays.

## അപേക്ഷിക്കേണ്ട രീതി

1. S.S.L.C.യോ തത്തുല്യ പരീക്ഷയോ പാസ്സായവർക്ക് മാത്രമേ പ്രവേശനം നൽകുകയുള്ളൂ. മൂന്നിലധികം പ്രാവശ്യം പരീക്ഷ എഴുതിയവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.

2. Prospectus പിന്നീട് ആവശ്യം വരുമെന്നതിനാൽ സൂക്ഷിക്കേണ്ടതാണ്. അഡ്മിഷൻ കിട്ടിയാൽ ഫീസ്കാർഡ് പ്രകാരം ഫീസ് അടയ്ക്കണം.

3 അപേക്ഷഫോറത്തിൽ പൂരിപ്പിക്കുന്ന കാര്യങ്ങൾ S.S.L.C ബുക്കിൽ ഉള്ളതു പോലെ എഴുതേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്. പറഞ്ഞിരിക്കുന്ന സമയത്തിനും തിയ്യതിക്കും രേഖകളുമായി വന്ന് ഹാജരാകാത്ത പക്ഷം അഡ്മിഷൻ ക്യാൻസൽ ചെയ്യുന്നതായിരിക്കും.



## പൊതു നിബന്ധനങ്ങൾ

1. I. T. I യിൽ അഡ്മിഷൻ കിട്ടിയാൽ വിദ്യാർത്ഥികൾ നിർബന്ധമായും Campus Rule പാലിക്കേണ്ടതാണ്.
2. ഇതിനുമുൻപ് എപ്പോഴെങ്കിലും ഏതെങ്കിലും I.T.I.യിൽ പഠിച്ചിട്ടുള്ളവർക്ക് വീണ്ടും പ്രവേശനം ലഭിക്കുന്നതല്ല.
3. അഡ്മിഷന്‌വരുമ്പോൾ അഡ്മിഷൻഫീസ്, S.S.L.C ബുക്ക്, T.C., S.S.L.C certificates ന്റെ Attested Copy 8 nos, ആധാർ കാർഡ് കോപ്പി, Photo (Passport size - 5 nos, Stamp size - 5nos) (Photo Back-ground Light Shade), യൂണിഫോമിന് അടയ്ക്കേണ്ട തുക എന്നിവയും കൊണ്ടുവരണം.
4. പ്രവേശന സമയത്ത് S.S.L.C. Book, Transfer Certificate - എന്നിവ I.T.I.ഓഫീസിൽ ഏൽപിക്കേണ്ടതാണ്.
5. സ്ഥാപനത്തിൽ വരുമ്പോൾ Uniform & Identity Card നിർബന്ധമായും ധരിക്കേണ്ടതാണ്.
6. അഡ്മിഷൻ സമയത്ത് ഏല്പിക്കുന്ന S.S.L.C. Book I.T.I.യിൽ നിന്ന് വിട്ടുപോകുന്ന സമയത്ത് മാത്രമേ തിരികെ കൊടുക്കുകയുള്ളൂ. മറ്റൊരു ആവശ്യത്തിനും നൽകുന്നതല്ല. I. T. Iയിൽ അഡ്മിഷൻ കിട്ടിയാൽ സ്ക്കൂളിലെയോ, കോളേജിലെയോ T.C. തിരിച്ചു നൽകുന്നതല്ല. പഠനം പൂർത്തീകരിക്കാതെയോ, പൂർത്തീകരിച്ചോ വിടുതൽ ചെയ്യുമ്പോൾ I.T.I. യുടെ T.C. നൽകുന്നതാണ്.
7. 80% ഹാജരില്ലാത്ത വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരിക്കാൻ അനുവദിക്കുന്നതല്ല.
8. 80% ഹാജരില്ലാത്തവർ, റെക്കോർഡ് പൂർത്തീകരിക്കാത്തവർ, അദ്ധ്യാപകരോടും, മറ്റ് സ്റ്റാഫംഗങ്ങളോടും അപമര്യാദയായി പെരുമാറുന്നവർ എന്നിവർക്ക് സ്ഥാപനത്തിൽ നിന്നും പുറത്താക്കൽ ഉൾപ്പെടെയുള്ള അച്ചടക്കനടപടികൾ ഉണ്ടാകുന്നതാണ്. ഈസ്ഥാപനത്തെ സംബന്ധിക്കുന്ന അച്ചടക്കം തുടങ്ങി എല്ലാ കാര്യങ്ങളിലും പ്രിൻസിപ്പാളിന്റെ / മാനേജ്മെന്റിന്റെ തീരുമാനം അന്തിമമായിരിക്കും.
9. വിദ്യാർത്ഥിക്ക് അവധി ആവശ്യമെങ്കിൽ ലീവിനുള്ള അപേക്ഷകൾ രക്ഷാകർത്താക്കൾ ഒപ്പിട്ട് നൽകേണ്ടതും, അദ്ധ്യാപകരെ ഫോൺ വിളിച്ച് അറിയിക്കേണ്ടതുമാണ്. ചികിത്സയ്ക്ക് അവധി എടുക്കുന്ന വിദ്യാർത്ഥികൾ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. കാരണം കാണിച്ച് അനുവാദം വാങ്ങാതെ തുടർച്ചയായി 15 ദിവസം മുടങ്ങുന്ന വിദ്യാർത്ഥികളുടെ അഡ്മിഷൻ റദ്ദായതായി കണക്കാക്കുന്നതാണ്.
10. വിദ്യാർത്ഥികൾ DIARYകർശനമായി സൂക്ഷിക്കേണ്ടതും എന്നും ക്ലാസ്സിൽ കൊണ്ടുവരേണ്ടതും, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. സ്ഥാപനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും DIARYൽ രേഖപ്പെടുത്തണം.
11. ഇടക്കുവെച്ച് പഠനം നിർത്തുന്നവർക്കും സ്ഥാപനത്തിൽ നിന്ന് ഏതെങ്കിലും കാരണത്താൽ പുറത്താക്കപ്പെടുന്നവർക്കും ആ കോഴ്സിന് നിശ്ചയിച്ചിട്ടുള്ള മുഴുവൻ ഫീസും അടച്ചതിനുശേഷം മാത്രമേ വിടുതൽ സർട്ടിഫിക്കറ്റും മറ്റ് സർട്ടിഫിക്കറ്റുകളും നൽകുകയുള്ളൂ.
12. സ്ഥാപനത്തിലെ ചുമർ, സ്ക്രീൻ, ബോർഡ്, വാഹനങ്ങൾ മുതലായവയിൽ എഴുതുകയോ, നാശനഷ്ടങ്ങൾ വരുത്തുകയോ, സ്ഥാപനത്തിലെ ഉപകരണങ്ങളും, മറ്റുവസ്തുക്കളും പുറത്തേയ്ക്ക് കൊണ്ടുപോകുകയോ ചെയ്യുവാൻ പാടുള്ളതല്ല.
13. വിദ്യാർത്ഥികൾ ക്ലാസ്സിൽ ഹാജരാകുമ്പോൾ ഫാക്ടറി റൂളിന്റെ ഭാഗമായി കൈകളിൽ Ring, Bracelet ചരടുകൾ മുതലായവ ഉപയോഗിക്കാൻ പാടില്ല. മുടി നീട്ടി വളർത്തുന്നതും ഡിസൈൻവർക്കുകൾ ചെയ്യുന്നതും അനുവദനീയമല്ല. Govt. Orderഅനുസരിച്ച് സ്ഥാപനത്തിന്റെ പരിസരത്തും ക്ലാസ്സിലും മൊബൈൽ ഫോൺ കൊണ്ടുവരുന്നതും, ഉപയോഗിക്കുന്നതും കർശനമായി നിരോധിച്ചിരിക്കുന്നു.
14. Campus ൽ വാഹനങ്ങൾ കൊണ്ടുവരുന്നത് നിരോധിച്ചിരിക്കുന്നു. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ അച്ചടക്ക നടപടികൾ എടുക്കുന്നതാണ്.
15.
   - തൃശ്ശൂർ - നെല്ലിക്കുന്ന് ബസ്റൂട്ടിൽ മഡോണ പളളി സ്റ്റോപ്പിൽ ഇറങ്ങിയാൽ മഡോണ പളളിയ്ക്കുസമീപം തൊഴിൽ അഭ്യസന പീഠം I.T.I. യിൽ എത്താം.
   - തൃശ്ശൂർ- പുത്തൂർ ബസ്റൂട്ടിൽ അഞ്ചേരിച്ചിറ ബസ്സ്റ്റോപ്പിൽ ഇറങ്ങി 500 മീറ്റർ നടന്നാൽ തൊഴിൽ അഭ്യസന പീഠം I.T.I യിൽ എത്താം
   - മണ്ണുത്തി –ആമ്പല്ലൂർ ഹൈവേയിൽ നടത്തറ ബസ് സ്റ്റോപ്പിൽ ഇറങ്ങി 1 കി.മീ. പടിഞ്ഞാറോട്ട് നടന്നാൽ തൊഴിൽ അഭ്യസന പീഠം I.T.I യിൽ എത്താം.